## വളരെ അടിയന്തിരം

*"ഭരണഭാഷ - മാതൃഭാഷ"*

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

നം: ഇ8/1632/2016/സിഇ/തസ്വഭവ

തീയതി: 25/07/2016

## സർക്കുലർ

വിഷയം:- തസ്വഭവ (എഞ്ചിനീയറിംഗ് വിംഗ്) - ജീവനക്കാര്യം - എസ്.സി./എസ്.ടി. പ്രത്യേക നിയമനം - V SMART – സ്റ്റാഫ് സ്ട്രെങ്ങത് - വിവിധ വിഭാഗം ജീവനക്കാരിലെ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ പ്രാതിനിധ്യം - വിവരശേഖരണം - സംബന്ധിച്ച്

സൂചന:- (1) 18/07/2016 -ാം തീയതിയിലെ ഇതേ നമ്പർ സർക്കുലർ.
(2) സർക്കാർ കത്ത് നം. 101215/ഇസിഎ2/2012/പൊ.ഭ.വ, തീയതി 05/07/2016.

മേൽ സൂചന (1) പ്രകാരം ഈ വകുപ്പിനു കീഴിലുള്ള ഓഫീസുകളിലെ ജീവനക്കാരെ സംബന്ധിച്ചുളള വിവരങ്ങൾ നിർദ്ദിഷ്ട മാതൃകയിൽ 20/07/2016 ന് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പല ഓഫീസുകളിൽ നിന്നും എസ്.സി./എസ്.ടി. ജീവനക്കാരുടെ മാത്രം വിവരങ്ങളാണ് നൽകിയിരിക്കുന്നത്. **എല്ലാ ഓഫീസുകളിലെയും എല്ലാ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ (സൂപ്രണ്ടിംഗ് എൻജിനീയർ മുതൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലുളളവർ വരെ) ആകെ എണ്ണവും അതിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരുടെ വിവരവും, ഉൾപ്പെട്ടിട്ടില്ല എങ്കിൽ ഇല്ല എന്നുളള വിവരവും ഉൾപ്പെടുത്തി, താഴെ കൊടുത്തിരിക്കുന്ന നിർദ്ദിഷ്ട മാതൃകയിൽ ഇ-മെയിൽ മുഖാന്തിരം 28/07/2016 ന് ഉച്ചയ്ക്ക് 2.00 മണിക്ക് മുമ്പായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.** എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും അവരുടെ അധികാര പരിധിക്കു കീഴിലുള്ള സബ് ഡിവിഷൻ, സെക്ഷൻ എന്നിവിടങ്ങളിൽ നിന്നും, മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ അവരുടെ അധികാര പരിധിക്കു കീഴിലുള്ള മുനിസിപ്പാലിറ്റികളിൽ നിന്നും പ്രസ്തുത വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചുതന്നെ നൽകേണ്ടതാണ്.

**Staff strength as on 01.01.2016**

| Sl. No. | Category | Scale of Pay | Total strength | SC | ST |
|---|---|---|---|---|---|
| | | | | | |

ചില ഓഫീസുകളിൽ നിന്നും ശരിയായ രീതിയിൽ തന്നെ വിവരങ്ങൾ സമർപ്പിച്ചിരുന്നെങ്കിലും ഒരിക്കൽ കൂടി മേൽപറഞ്ഞ മാതൃകയിൽ വിവരങ്ങൾ രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. 01.01.2016 വർഷം അടിസ്ഥാനമാക്കി പ്രസ്തുത വിവരങ്ങൾ കൃത്യമായി നൽകാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

Office of the Chief Engineer LSGD, Thiruvananthapuram

ചീഫ് എഞ്ചിനീയർ

പകർപ്പ്:
1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോർപ്പറേഷനുകൾ
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ, സൗത്ത്/നോർത്ത് സർക്കിൾ
3. എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും

S1151